**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3070** **18-03-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി ക്ഷേമത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ. ജെ. മാക്സി | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാമ്പത്തിക, സാമൂഹിക പിന്നാക്കാവസ്ഥയിലുള്ള ജന വിഭാഗമെന്ന നിലയിൽ മത്സ്യത്തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ട് വരുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ, തൊഴിൽരഹിത യുവജനങ്ങൾക്കുള്ള പരിശീലനം, മത്സ്യ സംസ്കരണം, തൊഴിൽ ദിനങ്ങളിലെ കുറവ് പരിഹരിക്കാനുള്ള നടപടികൾ, വിദ്യാഭ്യാസം, ആരോഗ്യം, സുരക്ഷിതവാസം തുടങ്ങിയ മേഖലകളിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഓരോ മത്സ്യ ഗ്രാമങ്ങളിലും പ്രവർത്തനക്ഷമമായ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ഉണ്ട്. മൂന്ന് മേഖല രജിസ്ട്രാർമാരുടെ (ദക്ഷിണ മേഖല, മധ്യമേഖല, ഉത്തരമേഖല) ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ 1969-ലെ കേരള സഹകരണ സംഘം നിയമത്തിനും സംഘം ബൈലക്കും, സർക്കാരും രജിസ്ട്രാറും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കുലറുകൾക്കും നിർദേശങ്ങൾക്കുമനുസരിച്ച് പ്രവർത്തിച്ചു വരുന്നു. ഇത് ഉറപ്പുവരുത്തി സംഘങ്ങളുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾക്കാവശ്യമായ സംവിധാനങ്ങൾ നിർവഹിക്കുന്നതിന് മേഖല രജിസ്ട്രാർമാരുടെ കീഴിൽ ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർമാരും അവരുടെ കീഴിൽ യൂണിറ്റ് തലത്തിൽ ഫിഷറീസ് സഹകരണ സംഘം ഇൻസ്പെക്ടർമാരും പ്രവർത്തിച്ചു വരുന്നു. എല്ലാ മാസവും ഫിഷറീസ് സഹകരണ സംഘം |

| | | | |
|---|---|---|---|
| | | | ഇൻസ്പെക്ടർമാരുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

1. സമ്പാദ്യ സമാശ്വാസ പദ്ധതി
2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ
3. വിദ്യാഭ്യാസ സഹായ പദ്ധതികൾ
4. മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി
5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.
6. ഓഖി പുനരധിവാസ പദ്ധതികൾ
7. മത്സത്തൊഴിലാളി/അനുബന്ധത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി
8. മത്സ്യത്തൊഴിലാളികൾക്ക് പൂരക വേതനം ഉറപ്പാക്കുന്ന തണൽ പദ്ധതി
9. മത്സ്യത്തൊഴിലാളികൾക്ക് എഫ്.ആർ.പി യാനങ്ങളും സുരക്ഷാ ഉപകരണങ്ങളും അനുവദിക്കുന്ന പദ്ധതി
10. മേഖല ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി
11. യാനങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും സ്വന്തമാക്കുന്നതിന് വായ്പാ ധനസഹായം
12. മത്സ്യത്തൊഴിലാളികൾക്ക് വല, എഞ്ചിൻ എന്നിവയ്ക്ക് സബ്സിഡി അനുവദിക്കുന്ന പദ്ധതി
13. മത്സ്യബന്ധന യാനങ്ങൾക്ക് വായ്പയ്ക്ക് സബ്സിഡി
14. മത്സ്യത്തൊഴിലാളികൾ 2008 വരെ എടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം
15. മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ സബ്സിഡി.
16. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം
17. തീരദേശ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ്സ് റൂം
18. തീരദേശ വിദ്യാലയങ്ങളിൽ സ്പോർട്ട്സ് സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി
19. മത്സര പരീക്ഷകൾക്ക് മത്സ്യത്തൊഴിലാളികളുടെ മക്കളെ പ്രാപ്തരാക്കുന്നതിന് വിദ്യാതീരം പദ്ധതി.
20. തീരദേശത്തെ കുട്ടികൾക്ക് ലൈബ്രറി സപ്പോർട്ട് നൽകുന്ന പ്രതിഭാതീരം പദ്ധതി.
21. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ
22. മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ
23. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം സഹായ സംഘങ്ങൾ വഴി മൈക്രോ എന്റർ പ്രൈസസ് ആരംഭിക്കുന്നതിന് ധനസഹായം
24. തീരനൈപുണ്യ പദ്ധതി.
25. മത്സ്യ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് സുരക്ഷിതമായും സൗകര്യപ്രദമായും യാത്ര ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി ഫിഷറീസ് വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സമുദ്ര പദ്ധതി.
26. തുടർ ചികിത്സാ സഹായം അനുവദിക്കുന്നതിനുള്ള തീരാരോഗ്യം പദ്ധതി

അനുബന്ധം-2

## മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ

1. ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) -ന്റെ ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി വഴി മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള വായ്പ.
2. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നിവയുടെ ധനസഹായത്തോടു കൂടിയുള്ള മൈക്രോഫിനാൻസ് വായ്പ.
3. ബാങ്കബിൾ സ്കീം സബ്സിഡി (എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി/ ബാങ്കുകൾ/മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുക്കുന്ന മത്സ്യബന്ധന ഉപകരണ വായ്പക്കുള്ള സബ്സിഡി.

**<u>തൊഴിൽരഹിത യുവജനങ്ങൾക്കുള്ള പരിശീലനം</u>**

സാഫ് മുഖേന നടപ്പിലാക്കി വരുന്ന തീരമൈത്രി പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പ്ലസ് ടു പാസ്സായ 20 നും 35 നും ഇടയിൽ പ്രായമുള്ള അഭ്യസ്തവിദ്യരായ യുവതികൾക്ക് വിവിധ മേഖലകളിൽ തൊഴിലും വരുമാനവും നേടിയെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി അവരുടെ വ്യക്തിത്വ വികസനം, നേതൃപാടവം, പൊതുവിജ്ഞാനം, കമ്പ്യൂട്ടർ പരിജ്ഞാനം തുടങ്ങിയ വിഷയങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട് തീരനൈപുണ്യ പദ്ധതി നടപ്പിലാക്കി വരുന്നു. 2 മാസം നീണ്ടു നിൽക്കുന്ന പരിശീലനത്തിൽ ഒരു മാസം ക്ലാസ് റൂം പരിശീലനവും ഒരു മാസം സ്ഥാപനങ്ങളിലുള്ള പ്രായോഗിക പരിശീലനവും നൽകുന്നു. പരിശീലന കാലയളവിൽ സൗജന്യമായി യൂണിഫോമും, സ്റ്റൈപന്റും നൽകുന്നു. പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റും വിതരണം ചെയ്യുന്നു. 2015-16 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്ന ഫിനിഷിംഗ് സ്കൂൾ, തീരനൈപുണ്യ എന്നീ പദ്ധതി പ്രകാരം ഇതുവരെ 1706 മത്സ്യത്തൊഴിലാളി യുവതികൾക്ക് പരിശീലനം നൽകുകയും ഇതിനായി ആകെ 239.91 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഈ പദ്ധതിയിലൂടെ പരിശീലനം പൂർത്തിയാക്കിയ ധാരാളം യുവതികൾ കേരളത്തിനകത്തും പുറത്തും വിവിധ മേഖലകളിൽ തൊഴിൽ ചെയ്തു വരുന്നു.

കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിന്റെ ഭാഗമായി അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് 7500/- രൂപ സ്റ്റൈപ്പന്റ് നൽകികൊണ്ട് 8 മാസം ദൈർഘ്യമുള്ള അക്വാകൾച്ചർ പരിശീലനം NIFAM മുഖാന്തിരം നൽകപ്പെടുന്നുണ്ട്.

**<u>മത്സ്യ സംസ്കരണം</u>**

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ ഒരു പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും ഗുണനിലവാരമുറപ്പാക്കിക്കൊണ്ട്

സൗരോർജ്ജ ഡ്രൈയറിൽ ഉണക്കിയെടുത്ത മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ഡ്രിഷ് കേരള എന്ന ബ്രാന്റിൽ വിപണിയിൽ എത്തിച്ചു വരുന്നു.

ഇതുകൂടാതെ ICAR-CIFT -ന്റെ സാങ്കേതിക സഹായത്തോടെ "റെഡി ടു ഈറ്റ്" മത്സ്യവിഭവങ്ങൾ "ഫിഷ് മെയ്ഡ്"എന്ന പേരിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. ഫിഷ് കട്ലറ്റ് ഫിഷ് മോമോസ്, ഫിഷ് റോൾസ്, ഫിഷ് ബർഗർ എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വിപണിയിൽ എത്തിച്ചു വരുന്നു. മറ്റു വിവിധ മത്സ്യ ഉൽപ്പന്നങ്ങളായ അച്ചാറുകൾ. ചമ്മന്തിപ്പൊടി മുതലായവയും പ്ലാന്റിൽ നിന്നും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. മത്സ്യത്തൊഴിലാളി വനിതകൾ മുഖേനയാണ് മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നത്.

മത്സ്യത്തൊഴിലാളി വനിതകളുടെ ശാക്തീകരണത്തിനായി വകുപ്പിനു കീഴിൽ നിലകൊള്ളുന്ന സാഫിന്റെ മത്സ്യവിപണനവും മൂല്യവർദ്ധിതോല്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട് 100 ഓളം ചെറുകിട തൊഴിൽ സംരംഭങ്ങൾ തീരമൈത്രി പദ്ധതിയിൽ പ്രവർത്തിച്ചുവരുന്നു.ഇതുവഴി മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ഉയർന്ന ഗുണനിലവാരമുള്ള മത്സ്യഉൽപ്പന്നങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും, മത്സ്യഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ലക്ഷ്യമിടുന്നു. പുതിയതായി രൂപീകരിക്കുന്ന 10 പേര് വീതം അടങ്ങുന്ന ഒരു യൂണീറ്റിന് പദ്ധതിയുടെ 75% ആയ 10 ലക്ഷം രൂപ വരെ ഗ്രാൻറ് അനുവദിക്കുന്നു. ബാക്കി വരുന്ന 20% ബാങ്ക് ലോൺ ആയും 5% ഗുണഭോക്തൃവിഹിതമായും കണ്ടെത്തുന്നു. നിലവിൽ മത്സ്യവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന യൂണീറ്റുകളുടെ വിപുലീകരണത്തിനായി ഒരു ലക്ഷം രൂപ വരെ ഗ്രാൻറ് അനുവദിക്കും. യൂണീറ്റുകളുടെ പ്രവർത്തനങ്ങൾക്കും നിലനിൽപ്പിനും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

**തൊഴിൽ ദിനങ്ങളിലെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ**

ഒക്ടോബർ, നവംബർ മാസങ്ങളിലുണ്ടായ കനത്ത മഴയെ തുടർന്ന് കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയതിനാൽ തൊഴിൽ ദിനങ്ങൾ നഷ്ടമായ മത്സ്യത്തൊഴിലാളികൾക്കായി 47.84 കോടി രൂപ ധനസഹായം അനുവദിച്ചിരുന്നു. FIMS (Fisheries Management System) ൽ രജിസ്റ്റർ ചെയ്ത കടൽ മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി കുടുംബങ്ങൾക്കു കുടുംബം ഒന്നിന് 3000/- രൂപ വീതം അനുവദിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ജില്ല | ഗുണഭോക്താക്കൾ | അനുവദിച്ച തുക |
|---|---|---|
| തിരുവനന്തപുരം | 33101 | 99303000 |
| കൊല്ലം | 21098 | 63294000 |
| ആലപ്പുഴ | 29594 | 88782000 |
| എറണാകുളം | 16170 | 48510000 |
| തൃശ്ശൂർ | 6703 | 20109000 |
| മലപ്പുറം | 20761 | 62283000 |
| കോഴിക്കോട് | 18037 | 54111000 |
| കണ്ണൂർ | 6107 | 18321000 |
| കാസർഗോഡ് | 5869 | 17607000 |

ടൗട്ടെ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ കടൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിതനാൽ നഷ്ടമായ മത്സ്യത്തൊഴിലാളികൾക്കായി തൊഴിൽ ദിനങ്ങൾ നഷ്ടം സംഭവിച്ചപ്പോൾ നൽകിയ FIMS ൽ രജിസ്റ്റർ ചെയ്ത കടൽ മത്സ്യത്തൊഴിലാളി അനുബന്ധതൊഴിലാളി കുടുംബങ്ങൾക്ക് കുടുംബം ഒന്നിന് 1200/- രൂപ വീതം 18.36 കോടി രൂപ ധന സഹായം അനുവദിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ജില്ല | ഗുണഭോക്താക്കൾ | അനുവദിച്ച തുക |
|---|---|---|
| തിരുവനന്തപുരം | 32752 | 39302400 |
| കൊല്ലം | 20183 | 242199600 |
| ആലപ്പുഴ | 29100 | 34920000 |
| എറണാകുളം | 16062 | 19274400 |
| തൃശ്ശൂർ | 6372 | 7654800 |
| മലപ്പുറം | 19581 | 23497200 |
| കോഴിക്കോട് | 16667 | 20000400 |
| കണ്ണൂർ | 5787 | 6944400 |
| കാസർഗോഡ് | 5886 | 7063200 |

**വിദ്യാഭ്യാസം**

വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കളെ വികസന മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് വിവിധ വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവയും നൽകി വരുന്നു.

പ്രീ-മെട്രിക്കിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ മുഖേനയും +2 മുതലുള്ള ക്ലാസുകളിലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 2017-18 മുതൽ ഇ-ഗ്രാന്റ്സ് പദ്ധതി വഴി അനുവദിച്ചു വരുന്നു. തീരദേശത്തെ 10 ഗവൺമെന്റ് ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ ധനസഹായവും നൽകി വരുന്നു. ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള സമഗ്ര നടപടികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു.

കൂടാതെ വിദ്യാതീരം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, ബാങ്ക് പരിശീലനം, സിവിൽ സർവ്വീസ് (ഐ.എ.എസ്.) കോച്ചിംഗ്, പി.എസ്.സി. പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2015-16 മുതൽ 2020-21 വരെ 331 വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുകയും ഇതിൽ 49 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്. നും 84 പേർക്ക് ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. 2021-22 ൽ 90 വിദ്യാർത്ഥികൾ പരിശീലനം നേടി വരുന്നു . വിവിധ പരിശീലനങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ മുഖേന അപേക്ഷ ക്ഷണിച്ച് മാർഗ്ഗരേഖ പ്രകാരം അർഹതാ പട്ടിക തയ്യാറാക്കി തെരഞ്ഞെടുത്ത പരിശീലന സ്ഥാപനങ്ങളിൽ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി., ബാങ്ക് ടെസ്റ്റ് പരിശീലനം നൽകുന്നു. സിവിൽ സർവ്വീസിന് സിവിൽ സർവ്വീസ് അക്കാദമി മുഖേനയാണ് പരിശീലനം നൽകുന്നത്.

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടി.വി., പ്രൊജക്ടർ, പ്രിന്റർ എന്നീ ആധുനിക പഠന സഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് പ്രതിഭാതീരം എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചു വരുന്നു.

**ആരോഗ്യം**

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷറീസ് വകുപ്പിന്റെ ധനസഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന ആരോഗ്യാടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | സബ് സെന്റർ, മാട്ടൂർ, കണ്ണൂർ – പുതിയ കെട്ടിടം | 33.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | സബ് സെന്റർ, ഇരപുരം, കോഴിക്കോട് – പുതിയ കെട്ടിടം | 53.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | സബ് സെന്റർ, കുര്യാടി, കോഴിക്കോട് – പുതിയ കെട്ടിടം | 56.00 | പദ്ധതി പൂർത്തീകരിച്ചു |
| 4 | പി.എച്ച്.എസി. ആറാട്ടുപുഴ, ആലപ്പുഴ – പുതിയ ലബോറട്ടറി, ഫാർമസി | 30.50 | പദ്ധതി പൂർത്തീകരിച്ചു |
| 5 | ഗവ. താലൂക്ക് ആശുപത്രി, വർക്കല, തിരുവനന്തപുരം – പുതിയ ഐ.പി., പാലിയേറ്റീവ് ബ്ലോക്ക് | 138.00 | പദ്ധതി പൂർത്തീകരിച്ചു |
| 6 | ആയുർവേദ ആശുപത്രി, കടയ്ക്കാവൂർ, തിരുവനന്തപുരം– പുതിയ ഐ.പി. ബ്ലോക്ക് | 159.00 | പദ്ധതി പൂർത്തീകരിച്ചു |
| 7 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, നെടുമ്പന, കൊല്ലം – അടിസ്ഥാനസൗകര്യ വികസനം | 410.00 | പദ്ധതി പൂർത്തീകരിച്ചു |
| 8 | സബ് സെന്റർ, കണ്ടല്ലൂർ, ആലപ്പുഴ – പുതിയ കെട്ടിടം | 198.00 | പദ്ധതി പൂർത്തീകരിച്ചു |
| 9 | ആയുർവേദ ആശുപത്രി, വലപ്പാട്, തൃശ്ശൂർ – പുതിയ കെട്ടിടം | 151.00 | പദ്ധതി പൂർത്തീകരിച്ചു |
| 10 | ആയുർവേദ ആശുപത്രി, അഴിക്കോട്, തൃശ്ശൂർ – പുതിയ കെട്ടിടം | 83.00 | പദ്ധതി പൂർത്തീകരിച്ചു |
| 11 | പി.എച്ച്.എസി. പയ്യോളി, കോഴിക്കോട് – പുതിയ കെട്ടിടം | 141.00 | പദ്ധതി പൂർത്തീകരിച്ചു |
| 12 | പി.എച്ച്.എസി. രാമൻതളി, കണ്ണൂർ – പുതിയ കെട്ടിടം | 61.00 | പദ്ധതി പൂർത്തീകരിച്ചു |
| 13 | പി.എച്ച്.എസി. പള്ളിക്കര, കാസർഗോഡ് – പുതിയ കെട്ടിടം | 187.00 | പദ്ധതി പൂർത്തീകരിച്ചു |
| 14 | വി.കെ.പി. മെമ്മോറിയൽ പി.എച്ച്.എസി. പടന്ന, കാസർഗോഡ് – പുതിയ കെട്ടിടം | 194.00 | പദ്ധതി പൂർത്തീകരിച്ചു |
| 15 | ജില്ലാ ആശുപത്രി, കൊല്ലം – അടിസ്ഥാനസൗകര്യ വികസനം | 400.00 | പദ്ധതി പൂർത്തീകരിച്ചു |
| 16 | ആയുർവേദ ആശുപത്രി, പെരിനാട്, കൊല്ലം | 198.00 | പദ്ധതി പുരോഗമിക്കുന്നു |
| 17 | പി.എച്ച്.എസി. കൊറ്റംകര, കൊല്ലം – പുതിയ കെട്ടിടം | 209.00 | പദ്ധതി പൂർത്തീകരിച്ചു |
| 18 | പി.എച്ച്.എസി. പേരയം, കൊല്ലം – പുതിയ കെട്ടിടം | 167.98 | പദ്ധതി പുരോഗമിക്കുന്നു |

| | | | |
|---|---|---|---|
| 19 | ആയുർവേദ ആശുപത്രി, നായരമ്പലം, എറണാകുളം – പുതിയ കെട്ടിടം | 215.46 | പദ്ധതി പുരോഗമിക്കുന്നു |
| 20 | ഫാമിലി ഹെൽത്ത് സെന്റർ, പുതിയാപ്പ | 138.60 | പദ്ധതി ആരംഭഘട്ടത്തിൽ |

**<u>സുരക്ഷിതവാസം</u>**

ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെൻറിൻറെ (എൻ.ഐ.ആർ.ഡി) 2010 ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29,209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരും 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിത ഭവന രഹിതരുമായിരുന്നു. 2011–12 മുതൽ 2015–16 വരെയുള്ള കാലയളവിൽ ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികളിലായി ധനസഹായം നൽകി 15603 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2016– 17 മുതൽ വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 3561 പേരെ ഭവനനിർമ്മാണ ധനസഹായത്തിന് പരിഗണിച്ചതിൽ 3041 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2016– 17 മുതൽ വിവിധ പുനരധിവാസ പദ്ധതികളിൽ ഉൾപ്പെടുത്തി 1854 പേരെ പുനരധിവസിപ്പിക്കുന്നതിൽ പരിഗണിച്ചതിൽ 1429 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 1199 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

കൂടാതെ തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ളാറ്റുകൾ, കാരോട് 128 ഫ്ളാറ്റുകൾ, ബീമാപള്ളി 20 ഫ്ളാറ്റുകൾ, പൊന്നാനി 128 ഫ്ളാറ്റുകൾ നിർമ്മിച്ച് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കൈമാറിയിട്ടുണ്ട്. മണ്ണുംപുറം 228 ഫ്ലാറ്റുകൾ QSS കോളനി 114 ഫ്ലാറ്റുകൾ എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു.

നിലവിൽ ഭൂമിയുള്ള ഭവനരഹിതരായവരും, ഭൂരഹിത ഭവന രഹിതരായവരുമായ അർഹതപ്പെട്ട എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ലൈഫ് മിഷൻമുഖേനയാണ് ഭവന നിർമ്മാണ ധനസഹായം നൽകുന്നത്. ഭവന രഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും,സുരക്ഷിത ഭവനമൊരുക്കുന്നതിന് ഫിഷറീസ് വകുപ്പ് മുഖേന 7778 പേരുടെ ലിസ്റ്റും ഭൂരഹിത ഭവന രഹിതരായ 7346 പേരുടെ ലിസ്റ്റും ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

<u>തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതി</u>

തീരപ്രദേശത്തെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നതും കടലാക്രമണ ഭീഷണിയിൽ കഴിയുന്നവരുമായ തീരദേശ നിവാസികളെ സുരക്ഷിത

മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനുള്ള 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി നടപ്പാക്കി വരുന്നു. പദ്ധതി പ്രകാരം 3011 പേർ ഭൂമി കണ്ടെത്തി വില നിശ്ചയിക്കുന്നതിനും 2278 പേർ ഭൂമി രജിസ്റ്റർ ചെയ്യുകയും 1143 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ കാരോട് 24 ഫ്ലാറ്റുകൾ, വലിയതുറ 192 ഫ്ലാറ്റുകൾ, പൊന്നാനി 100 ഫ്ലാറ്റുകൾ, നിറമരുതൂർ 16 ഫ്ലാറ്റുകൾ, വെസ്റ്റ്ഹിൽ കോഴിക്കോട് 80 ഫ്ലാറ്റുകൾ, കോയിപ്പാടി കാസർഗോഡ് 144 ഫ്ലാറ്റുകൾ എന്നിവ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.